പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **284**

06.01.2014 ൽ മറുപടിയ്ക്ക്

## വെളിയനാട് പഞ്ചായത്തിലെ പൈപ്പ്ലൈൻ നശിപ്പിച്ച കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | കുടിവെള്ള വിതരണം തടസ്സപ്പെടുത്തുന്നത് ലക്ഷ്യംവച്ച് വെളിയനാട് പഞ്ചായത്തിൽ ആറിനടിയിലൂടെ സ്ഥാപിച്ചിരുന്ന പൈപ്പ്ലൈൻ നശിപ്പിച്ച സാമൂഹ്യവിരുദ്ധരെ നാളിതുവരെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ; | (എ) | വെളിയനാട് പഞ്ചായത്തിലെ കുടിവെള്ള വിതരണം നടത്തുന്ന പൈപ്പ് ലൈൻ നശിപ്പിച്ചവർ ആരാണെന്ന് അന്വേഷണത്തിൽ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പൊതുമുതൽ നശിപ്പിച്ച് കുടിവെള്ള വിതരണം തടസ്സപ്പെടുത്തിയ പ്രസ്തുത സാമൂഹ്യവിരുദ്ധർക്കെതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇതു സംബന്ധിച്ച് രാമങ്കരി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 661/2012 സെക്ഷൻ 3(2)(A) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (സി) | ആറ്റിൽ പൈപ്പ് ലൈൻ നശിപ്പിക്കപ്പെട്ടതായി കാണപ്പെട്ട സ്ഥലത്തുകൂടി കടന്നുപോകുന്ന ബോട്ടിലെ ഡ്രൈവർമാരെയും സമീപവാസികളെയും കണ്ടു ചോദിച്ചും മറ്റും പ്രതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിനായി ഊർജ്ജിത അന്വേഷണം നടത്തിയിട്ടുള്ളതാകുന്നു. |

സെക്ഷൻ ഓഫീസർ